"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന ശ്രീമതി. ആയിഷ റഹ്മത്ത് കോയയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.31/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/01/2019

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.09.2015-ലെ ഇ12 (എസ് സി 6/15/NRK)13134/2015 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 11.11.2015-ലെ 11613/ഡി2/2015/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 16.06.2016-ലെ 16/ഇപിബി3/2016/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീമതി. ആയിഷ റഹ്മത്ത് കോയ സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 10.04.2018-ലെ ഡി1-20436/2016 നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഗ്രാമപഞ്ചായത്തിൽ അനധികൃതമായി ഫ്ലവർ മിൽ പ്രവർത്തിക്കുന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഫറോക്ക് ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ, പരാതിക്കാരനായ ശ്രീ. കെ. വിജയകൃഷ്ണന്റെ വീടിനടുത്തായി വളരെ പഴക്കം ചെന്ന കെട്ടിടത്തിൽ ഫ്ലവർ മിൽ പ്രവർത്തിക്കുന്നുവെന്നും പ്രസ്തുത പഴക്കം ചെന്ന കെട്ടിടം തന്റെ ജീവന് ഭീക്ഷണിയാണെന്നും അനധികൃതമായി പ്രവർത്തിക്കുന്ന ടി മില്ലിനെതിരെ നടപടി സ്വീകരിക്കണമെന്നും ചൂണ്ടിക്കാട്ടി ടിയാൻ 29.01.2014-ൽ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിച്ച പരാതിയിന്മേൽ ഒരു നടപടിയും സ്വീകരിക്കാത്തതിനാൽ പരാതിക്കാരൻ 12.03.2014-ന് ഇതേ വിഷയം ചൂണ്ടിക്കാണിച്ച് കത്തു നൽകുകയുണ്ടായിയെന്നും ഇതിന്മേൽ പഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്തുത കെട്ടിടം സ്വകാര്യ വ്യക്തിയുടേതായതിനാൽ നടപടി സ്വീകരിക്കുവാൻ കഴിയില്ലായെന്നും ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി പരാതിക്കാരന് മറുപടി നൽകിയിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ സെക്രട്ടറി അന്വേഷണത്തിന് വൈദഗ്ദ്ധ്യമുള്ള ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി കെട്ടിടം പരിശോധിക്കുകയോ കെട്ടിട ഉടമസ്ഥന് ആവശ്യമായ നിർദ്ദേശമോ നൽകിയിട്ടുള്ളതായി കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ക്രമക്കേടിനുത്തരവാദിയായ ഫറോക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി. ആയിഷ റഹ്മത്ത് കോയയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടത്തിനെതിരെ ലഭിച്ച പരാതി അന്വേഷണം നടത്തുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറാതെ പരാതി ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകുകയും

ഇത്തരത്തിൽ പരാതിയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കാത്തതിന് സെക്രട്ടറി ശ്രീ. ആയിഷ റഹ്മത്ത് കോയയ്ക്ക് പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. ആയിഷ റഹ്മത്ത് കോയ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 5 ) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീമതി. ആയിഷ റഹ്മത്ത് കോയയ്ക്ക് 01.02.2014 മുതൽ 23.07.2014 വരെയായിരുന്നു ഫറോക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല ഉണ്ടായിരുന്നതെന്നും ടിയാരി സെക്രട്ടറിയുടെ ചുമതല ഏറ്റെടുക്കുന്നതിനു മുമ്പ് 29.01.2014-നാണ് ശ്രീ. വിജയകൃഷ്ണൻ പരാതി സമർപ്പിച്ചതെന്നും അന്നേ ദിവസം തന്നെ ഹെൽത്ത് ഇൻസ്പെക്ടർ പ്രസ്തുത പരാതി ഏറ്റെടുത്തതായി രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നതായി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പരാതി നേരിട്ട് തന്റെ ശ്രദ്ധയിൽപ്പെടാത്തതുകൊണ്ടാണ് നടപടി സ്വീകരിക്കാതിരുന്നത് എന്നാണ് സെക്രട്ടറി ബോധിപ്പിച്ചിട്ടുള്ളതെന്നും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് ഇക്കാര്യം തന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നില്ലെന്നും കൂടാതെ സെക്രട്ടറിയുടെ അധിക ചുമതലയാണ് ഉണ്ടായിരുന്നതെന്നും സാമ്പത്തിക വർഷം അവസാനിക്കുന്ന സമയമായതിനാൽ കൂടുതൽ അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ തന്റെ മുന്നിൽ ഉണ്ടായിരുന്നുവെന്നും ആയതിനാലാണ് നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകാതിരുന്നത് എന്നും ആയത് മനഃപൂർവ്വമായ കൃത്യവിലോപമല്ലെന്നും ടിയാരിയെ നേരിൽ കേട്ട വേളയിൽ വിശദീകരിച്ചതായും, പിന്നീട് പരാതി ശ്രദ്ധയിൽപ്പെട്ടപ്പോൾ വിഷയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെന്നും വർഷങ്ങളായി പ്രവർത്തിച്ചു വരുന്ന മില്ലായതിനാൽ തൽക്കാലം നോട്ടീസ് നൽകേണ്ടതില്ലെന്ന് പ്രസിഡന്റ് വാക്കാൽ നിർദ്ദേശം നൽകിയിരുന്നതിനാലാണ് നടപടികൾ നിർത്തി വച്ചതെന്നും ഗ്രാമപഞ്ചായത്തിന്റെ മുഖ്യ നിർവ്വഹണ അധികാരിയായ പ്രസിഡന്റിന്റെ നിർദ്ദേശപ്രകാരം നടപടികൾ എടുത്തില്ലായെന്ന വാദം പരിഗണനാർഹമാണെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. വിജയകൃഷ്ണൻ സമർപ്പിച്ച റിമൈൻഡർ പെറ്റീഷന്റെ പകർപ്പ് പ്രകാരം 13.03.2014-നാണ് പ്രസ്തുത പെറ്റീഷൻ ഗ്രാമപഞ്ചായത്തിൽ ലഭിച്ചതെന്നും ഇതിന്മേൽ സ്വീകരിച്ച നടപടികളിൽ സെക്രട്ടറിയുടെ വാദം പരിശോധിക്കുന്നതിന് വിഷയവുമായി ബന്ധപ്പെട്ട അസ്സൽ ഫയൽ ഫറോക്ക് നഗരസഭാ കാര്യാലയത്തിൽ നിലവിൽ ലഭ്യമല്ലെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചതിനാൽ പ്രസ്തുത ആരോപണം സംബന്ധിച്ച വസ്തുതകൾ പരിശോധിക്കുന്നതിന് സാധിച്ചില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ശ്രീ. വിജയകൃഷ്ണൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ പരാതി നൽകുകയും ആയതിന്മേലുള്ള 14.07.2015-ലെ വിധിപ്രകാരം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മില്ലിന്റെ പ്രവർത്തനം നിർത്തിവെക്കുന്നതിനും നിയമപ്രകാരമുള്ള രേഖകൾ ഹാജരാക്കിയാൽ മില്ലിന് ലൈസൻസ് നൽകുന്നതിന് തടസ്സമില്ലെന്നും നിർദ്ദേശിച്ച് നടപടി അവസാനിപ്പിച്ചിരിക്കുന്നതായും തുടർന്ന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം മില്ലിന് അനുവദിക്കുകയും 2015-16-ൽ വ്യാപാര ലൈസൻസ് അനുവദിച്ചിട്ടുള്ളതായും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെട്ടിടത്തിനെതിരെ ലഭിച്ച പരാതി അന്വേഷണം നടത്തുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർക്കു കൈമാറാതെ ഹെൽത്ത് ഇൻസ്പെക്ടർക്കു നൽകിയ നടപടി കൃത്യവിലോപമാണ്. 2014-ൽ നടത്തിയ വിജിലൻസിന്റെ ക്വിക് വെരിഫിക്കേഷന്റെ സമയത്തും ബഹു. ഓംബുഡ്സ്മാന്റെ ഉത്തരവ് പുറപ്പെടുവിക്കുന്ന അവസരത്തിലും ലൈസൻസില്ലാതെയാണ് മിൽ പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമായിട്ടുള്ളതാണ്. പിന്നീടാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം സഹിതം 2015-ൽ പഞ്ചായത്ത് പെർമിറ്റ് നൽകുന്നത്. ആയതിനാൽ ഈ വിഷയത്തിൽ ഫറോക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി. ആയിഷ റഹ്മത്ത് കോയയുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി. ആയിഷ റഹ്മത്ത് കോയയുടെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് താൽക്കാലികമായി തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹന്ദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീമതി. ആയിഷ റഹ്മത്ത് കോയ, സെക്രട്ടറി ഇൻ-ചാർജ്ജ്, ഫറോക്ക് ഗ്രാമപഞ്ചായത്ത്
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ്

   (യു.ഒ റിമാർക്സ് നം.വിജി.ഡി2/575/2018/വിജി. തീയതി 14.08.2018പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/17/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ